| 30-06-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ബാബയോട് എന്ത് പ്രതിജ്ഞയാണോ ചെയ്തത് അതനുസരിച്ച് പൂർണ്ണമായും നടക്കണം, ഭൂമി പിളർന്നാലും ധർമ്മം വെടിയരുത് - ഇതാണ് ഏറ്റവും ഉയർന്ന ലക്ഷ്യം, പ്രതിജ്ഞ മറന്ന് വിപരീതമായ കർമ്മം ചെയ്തുവെങ്കിൽ രജിസ്റ്റർ മോശമാകും.**

**ചോദ്യം:-** യാത്രയിൽ നമ്മൾ തീവ്രമായി പോയ്കൊണ്ടിരിക്കുകയാണ് അതിന്റെ തിരിച്ചറിവ് അഥവാ അടയാളമെന്തായിരിക്കും?
**ഉത്തരം:-** യാത്രയിൽ തീവ്രമായി പോയ്കൊണ്ടിരിക്കുകയാണെങ്കിൽ ബുദ്ധിയിൽ സ്വദർശന ചക്രം കറക്കി കൊണ്ടിരിക്കും. സദാ ബാബയും സമ്പത്തുമല്ലാതെ വേറൊന്നും ഓർമ്മ ഉണ്ടാവില്ല. യഥാർത്ഥ ഓർമ്മ അർത്ഥം തന്നെ ഇവിടുത്തെ യാതൊന്നും തന്നെ കാണുകയില്ല. കണ്ടിട്ടും കാണാതിരിക്കുന്നത് പോലെയായിരിക്കും. അവർ എല്ലാം കണ്ടിട്ടും മനസ്സിലാക്കും ഇതെല്ലാം മണ്ണിൽ ലയിക്കാനുള്ളതാണ്. ഈ കൊട്ടാരം മുതലായ എല്ലാം നശിക്കാനുള്ളതാണ്. ഇതൊന്നും നമ്മുടെ രാജധാനിയിൽ ഉണ്ടായിരുന്നില്ല, ഇനി ഉണ്ടാവുകയുമില്ല.

**ഗീതം:-** എന്റെ ഭാഗ്യത്തിന്റെ തോണിക്കാരാ......

**ഓം ശാന്തി.** ഈ ഗീതത്തിന്റെ വരി യഥാർത്ഥത്തിൽ തെറ്റാണ്. ബാബ പറയുന്നു കുട്ടികളേ, ഞാൻ നിങ്ങളെ കൂട്ടികൊണ്ട് പോകാൻ വന്നിരിക്കുകയാണ്. എവിടേക്ക് കൂട്ടികൊണ്ട് പോകും? മുക്തിയും ജീവൻ മുക്തിയും. എത്ര ഉയർന്ന പദവി ആഗ്രഹിക്കുന്നുവോ അത്രയും നേടൂ. അല്ലാതെ എന്തായാലും മതി ഇങ്ങനെയല്ല.... എല്ലാവരും ആഗ്രഹിക്കുന്നുണ്ട് പുരുഷാർത്ഥം ചെയ്യണം. പക്ഷെ ഡ്രാമയനുസരിച്ച് എല്ലാ പുരുഷാർത്ഥിയും ഒരുപോലെയാവില്ല. ഇതാണെങ്കിൽ തന്റെ മുകളിൽ കുട്ടികൾക്ക് കൃപ ചെയ്യണം. ജ്ഞാന സാഗരനാണെങ്കിൽ ജ്ഞാനവും യോഗവും പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. ഇതാണ് ബാബയുടെ കൃപ, ടീച്ചർ പഠിപ്പിക്കുന്നു. യോഗി യോഗം പഠിപ്പിക്കുന്നു. ബാക്കി കൂടുതലും കുറവും പഠിക്കുക എന്നത് അവരവർക്കനുസരിച്ചാണ്. നിങ്ങൾക്കറിയാം നമ്മളെല്ലാവരും സത്യത്തിന്റെ സംഗത്തിലിരിക്കുകയാണ്, അസത്യത്തിന്റെ സംഗത്തിലല്ല. സത്യത്തിന്റെ സംഗം ഒന്ന് മാത്രമാണ് എന്തുകൊണ്ടെന്നാൽ സത്യം ഒന്ന് മാത്രമാണ്. സത്യയുഗത്തിന്റെ സ്ഥാപന ആ ബാബയാണ് ചെയ്യുന്നത്, സത്യയുഗത്തിലേക്ക് കൂട്ടി കൊണ്ട് പോകുന്നതിന് വേണ്ടി പുരുഷാർത്ഥവും ചെയ്യിക്കുന്നു. സത്യത്തിന്റെ ഒരു ശ്ലോകവുമുണ്ട്- സത്യം പറയണം, സത്യമായി നടക്കണം അപ്പോഴേ സത്യഖണ്ഡത്തിലേക്ക് പോകാൻ പറ്റൂ. സിഖുകാർ പറയുന്നുമുണ്ട് സത് ശ്രീ അകാൽ. ഒന്ന് മാത്രമാണ്. ആ സത്യമായ അച്ഛൻ ഏറ്റവും ശ്രേഷ്ഠമാണ്, അകാലമൂർത്തിയാണ്. അവരെ ഒരിക്കലും കാലൻ വിഴുങ്ങുകയില്ല. മനുഷ്യരെയാണ് ഇടക്കിടക്ക് കാലൻ വിഴുങ്ങുന്നത്. അതിനാൽ നിങ്ങൾ കുട്ടികൾ സത്യമായ സത്സംഗത്തിലിരിക്കുകയാണ്. ഭാരതം ഇപ്പോൾ അസത്യമായ ഖണ്ഡമാണ്, അതിനെ സത്യഖണ്ഡമാക്കി മാറ്റുന്നത് ഒരേയൊരു അച്ഛനാണ്. ദേവീ ദേവതകളെല്ലാം മക്കളാണ്. ഇവിടെ നിന്ന് ദേവതകൾ പുണ്യാത്മാവാകാനുള്ള സമ്പത്തെടുത്ത് പോവുകയാണ്. ഇവിടെയാണെങ്കിൽ അസത്യം തന്നെ അസത്യമാണ്. സർക്കാർ എന്ത് പ്രതിജ്ഞയാണോ എടുപ്പിക്കുന്നത്, അതും അസത്യമാണ്. പറയുന്നു ഞങ്ങൾ ഭഗവാന്റെ പേരിൽ ശപഥം ചെയ്ത് സത്യം പറയുന്നു. പക്ഷെ ഇത് പറയുന്നതിൽ മനുഷ്യർക്ക് പേടിയുണ്ടാവുന്നില്ല. ഇതിലൂടെയാണെങ്കിൽ പറയും ഞങ്ങൾ ഞങ്ങളുടെ കുട്ടികളുടെ ശപഥം എടുപ്പിക്കുന്നു, അപ്പോൾ സങ്കോചം തോന്നും, ദുഃഖുണ്ടാകും എന്തുകൊണ്ടെന്നാൽ ഞങ്ങൾക്ക് കുട്ടികളെ ഈശ്വരൻ നൽകിയതാണെന്ന് മനസ്സിലാക്കുന്നു. അതിനാൽ ഈശ്വരന്റെ പേരിൽ കുട്ടികളുടെ ശപഥമെടുപ്പിക്കും, മരിച്ച് പോയാലോ എന്നുമറിയുകയില്ല.... അതിനാൽ ഇതിൽ മടിക്കും. സ്ത്രീ പതിയുടെ ശപഥം ഒരിക്കലും എടുപ്പിക്കുകയില്ല. പുരുഷൻ സ്ത്രീയുടെ ശപഥം പെട്ടെന്ന് എടുപ്പിക്കും. ഒരു സ്ത്രീ പോയാൽ വേറൊന്ന് നേടാം. മനുഷ്യർ എന്തെല്ലാം ശപഥമെടുക്കുന്നുണ്ടോ, അതെല്ലാം അസത്യമാണ്. ആദ്യം ഈശ്വരനെ അച്ഛനെന്ന് മനസ്സിലാക്കണം. ഇല്ലായെങ്കിൽ അച്ഛനാണെന്ന ലഹരി ഉയരില്ല.

നിങ്ങൾ കുട്ടികൾക്കാണെങ്കിൽ അറിയാം ആ അച്ഛനെയാണ് സത് ശ്രീ അകാൽ എന്ന് പറയുന്നത്. ആ സത്യത്തിന്റെ പേരാണ് ശിവൻ. അഥവാ കേവലം രുദ്രനെന്ന് പറയുകയാണെങ്കിൽ സംശയിക്കും. പക്ഷെ മനസ്സിലാക്കികൊടുക്കാൻ പറയേണ്ടി വരുന്നു. ഗീതയിലും രുദ്ര ജ്ഞാന യജ്ഞമെന്ന് പറയുന്നുണ്ട്, ഏതിലൂടെയാണോ വിനാശ ജ്വാല പ്രജ്വലിതമായത്. അതും ഇവിടുത്തെ തന്നെ കാര്യമാണ്. കൃഷ്ണന്റെ പേരിൽ യജ്ഞമില്ല. രണ്ടു പേരെയും കൂട്ടിക്കലർത്തിയിരിക്കുകയാണ്. സത്യ-ത്രേതായുഗത്തിൽ ഒരു

യജ്ഞവും ഉണ്ടായിരിക്കുകയില്ലെന്ന് മനസ്സിലാക്കിത്തന്നു. യജ്ഞമുണ്ടാകുന്നത് തന്നെ ഒരു ജ്ഞാനത്തിന്റെയാണ്. ബാക്കിയെല്ലാം മെറ്റീരിയൽ(വസ്തുക്കൾ) യജ്ഞമാണ്. പുസ്തകം പഠിക്കുക, പൂജ ചെയ്യുന്നതെല്ലാം ഭക്തിമാർഗ്ഗമാണ്. ജ്ഞാനം ഒന്ന് മാത്രമാണ് ഏതാണോ സത്യമായ പരമാത്മാവ് നൽകുന്നത്. മനുഷ്യർ എല്ലാവരും ഈശ്വരനെക്കുറിച്ചും കള്ളം പറയുന്നു, അതുകൊണ്ട് തന്നെയാണ് ഭാരതം പാപ്പരായത്. ഇത്രയും വലുതിലും വലിയ കള്ളം വേറെയുണ്ടാവില്ല. ഈ നാടകമാണെങ്കിൽ ഉണ്ടാക്കപ്പെട്ടതാണ്. ഇതിന്റെ ഒരു പേരാണ് ഭൂൽഭുലയ്യ (മറവി നൽകുന്നത്) അർത്ഥം ബാബയെ മറക്കുന്നതിലൂടെ അലച്ചിൽ. പിന്നീട് ബാബ വന്ന് അലച്ചിലിൽ നിന്ന് മോചിപ്പിക്കുന്നു. ഈ ഡ്രാമയിൽ ജയ പരാജയത്തിന്റെ കളിയാണ്. പരാജയം അനുഭവിക്കുന്നതിൽ പകുതി കല്പമെടുക്കുന്നു. ഒറ്റയടിക്ക് എല്ലാം മണ്ണിൽ ലയിക്കുന്നു. പിന്നീട് പകുതി കല്പം നമ്മുടെ ജയമുണ്ടാകുന്നു. ഈ കാര്യങ്ങൾ നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയുകയില്ല, വലിയ വലിയ ഗീതാപാഠശാലകളുണ്ട്. ഗീതയുടെ ഭാരതീയ വിദ്യാഭവനവും ഉണ്ടാക്കിയിട്ടുണ്ട്. ഗീതയുടെ പേരെല്ലാം വളരെ വലുതാണ്. ഗീതയെ സർവ്വ ശാസ്ത്രങ്ങളുടെയും മാതാവ് ശിരോമണീ എന്ന് പറയുന്നു. പക്ഷെ പേര് മാറ്റുന്നതു കൊണ്ട് ഒരു പ്രയോജനവുമില്ല. ഗീതയുടെ പേര് വളരെ പ്രശസ്തമാണ്. ബാബ പറയുന്നു ഗീതയുടെ ഭഗവാൻ ഞാനാണ് കൃഷ്ണനല്ല. ഇപ്പോൾ സംഗമമാണ്. ബാബ രചയിതാവാണ്, എപ്പോഴാണോ സ്വർഗ്ഗം രചിക്കുന്നത് അപ്പോൾ രാധാ – കൃഷ്ണൻ അഥവാ ലക്ഷ്മീ – നാരായണൻ വരുന്നു. ബാബ വന്ന് നമ്മളെ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്, ജഗദംബയിലൂടെയും ജഗത്പിതാവിലൂടെയും. രാജയോഗം ഭഗവാനല്ലാതെ വേറെയാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ജഗദംബ വളരെ പ്രശസ്തയാണ്. കലശവും ജഗദംബയിലാണ് വെച്ചിരിക്കുന്നത്. ലക്ഷ്മീ നാരായണൻ അഥവാ രാധാ കൃഷ്ണനാണെങ്കിൽ ഇപ്പോൾ ഇല്ല. കൃഷ്ണനോടൊപ്പം രാധയും വേണം. ഗീതയിൽ രാധയുടെ ഒരു വർണ്ണനയുമില്ല. ഭാഗവതത്തിലുണ്ട്. ബാബ പറയുന്നു ആരാണോ രാധയും കൃഷ്ണനുമായിരുന്നത്, അവരിപ്പോൾ 84–ാമത്തെ അന്തിമ ജന്മത്തിലാണ്. ഞാൻ അവരെയും അവരുടെ രാജധാനിയേയും വീണ്ടും ഉണർത്തികൊണ്ടിരിക്കുകയാണ്. എല്ലാവരെയും വെളുത്തവരാക്കി മാറ്റി കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ് അത് നിങ്ങൾക്ക് മാത്രമേ അറിയൂ നമ്മൾ സൂര്യവംശീ, ചന്ദ്രവംശീ കുലത്തിലേതാണെന്ന്. നമ്മൾ 84 ജന്മം അനുഭവിച്ചു. ഇപ്പോൾ നമ്മൾ വീണ്ടും സത്യയുഗത്തിൽ പോകും. എണ്ണുന്നത് സത്യയുഗം മുതൽക്കാണല്ലോ. 84 ജന്മങ്ങളുടെ ചക്രവും പ്രസിദ്ധമാണ്. നിങ്ങൾ സമ്പത്തിനെ ഇടക്കിടക്ക് ഓർമ്മിക്കാറുണ്ടല്ലോ. ഇപ്പോൾ 84 ന്റെ ചക്രത്തെ ഓർമ്മിക്കൂ. ഈ ചക്രത്തെ ഓർമ്മിക്കുക അർത്ഥം മുഴുവൻ ലോകത്തിന്റെയും ചരിത്രവും ഭൂമിശാസ്ത്രവും ഓർമ്മിക്കലാണ്. എത്രത്തോളം സ്വദർശന ചക്രം കറക്കി കൊണ്ടിരിക്കുന്നുവോ, അത്രയും മനസ്സിലാക്കൂ അവർ യാത്രയിൽ തീവ്രമായി പോയ്കൊണ്ടിരിക്കുകയാണ്.

നിങ്ങൾക്കറിയാം ഇപ്പോൾ മുള്ളുകളുടെ ലോകമാണെന്ന്. തമോപ്രധാനമായ മനുഷ്യർ 5 വികാരങ്ങളിൽ പെട്ടിരിക്കുകയാണ്. ബാബ പറയുന്നു ഞാനെന്ന ഭാവം ഉപേക്ഷിക്കൂ, എന്നാൽ ഉപേക്ഷിക്കുന്നില്ല. ഇത്രയും പരിധിയില്ലാത്ത രാജ്യഭാഗ്യം ലഭിക്കുന്നുണ്ടെങ്കിൽ പോലും ആലോചിക്കാമെന്ന് പറയുന്നു. എന്താ ഈ വികാരം ഇത്രയും പ്രിയപ്പെട്ടതാണോ ഉപേക്ഷിക്കാൻ വേണ്ടി ആലോചിക്കാമെന്ന് പറയാൻ. ഇപ്പോഴാണെങ്കിൽ പ്രതിജ്ഞ ചെയ്യൂ അപ്പോൾ ബാബയിൽ നിന്ന് സഹായം ലഭിക്കും. ഇത്രയും അത്യാവശ്യമാണ് പ്രതിജ്ഞ ചെയ്ത് പിന്നെ കുലകളങ്കിതരായി മാറരുത്. ഭൂമി പിളർന്നാലും ധർമ്മം വെടിയരുത്. ലക്ഷ്യം വളരെ വലുതാണ്. ബാബയാണെങ്കിൽ പൂർണ്ണമായും പ്രയത്നിക്കുന്നുണ്ടല്ലോ! ലൂസാക്കി വിടുകയില്ല. ശരി ഒരു തവണ മാപ്പ് നൽകുമായിരിക്കും. അഥവാ വീണ്ടും ചെയ്താൽ അടി കിട്ടും, ഇതിൽ രജിസ്റ്റർ മോശമാകുന്നു. ഈ വികാരമാണെങ്കിൽ വിഷമാണ്. ജ്ഞാനം അമൃതാണ്, അതിലൂടെ മനുഷ്യനിൽ നിന്ന് ദേവതയാകുന്നു. അതാണെങ്കിൽ കുസംഗമാണ്. സിക്കുകാർ സത് ശ്രീ അകാൽ എന്ന് പറഞ്ഞ് വളരെ ആവേശം കൊള്ളുകയാണ് എന്തുകൊണ്ടെന്നാൽ സത് ശ്രീ അകാലനാണ് എല്ലാവരെയും ഉദ്ധരിക്കുന്നത്. പക്ഷെ അവരെ മറന്നു പോയി. മറക്കുന്നതും ഡ്രാമയിലുള്ളതാണ്. ജൈന മതത്തിലുള്ളവരുടെ സന്യാസം വളരെ കടുത്തതാണ്. ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് സഹജ രാജയോഗം പഠിപ്പിക്കുന്നു. ബാബ ഒരു കഷ്ടവും തരുന്നില്ല. വിമാനത്തിൽ പോയ്ക്കോളൂ, മോട്ടോർ വാഹനത്തിൽ കറങ്ങിക്കോളൂ, ചുറ്റിയടിച്ചോളൂ. പക്ഷെ ഭക്ഷണ പാനീയത്തിൽ എത്ര സാധിക്കുമോ പഥ്യം വെക്കണം. ഭോജനത്തിൽ ദൃഷ്ടി കൊടുത്ത് ശേഷം കഴിക്കണം, എന്നാൽ കുട്ടികളിത് മറക്കുകയാണ്. ഇതിൽ അച്ഛനെയും അഥവാ പ്രിയതമനേയും സന്തോഷത്തോടു കൂടി ഓർമ്മിക്കണം. പ്രിയതമാ, ഞങ്ങൾ അങ്ങയുടെ ഓർമ്മയിൽ അങ്ങയോടൊപ്പം ഭക്ഷണം കഴിക്കുന്നു. അങ്ങേക്ക് സ്വന്തമായി ശരീരമില്ല. ഞങ്ങൾ അങ്ങയുടെ ഓർമ്മയിൽ കഴിക്കും അങ്ങ് ഭാവന സ്വീകരിച്ചുകൊണ്ടിരിക്കണം. അപ്രകാരം ഓർമ്മിച്ചോർമ്മിച്ച് ശീലമായി മാറുകയും സന്തോഷത്തിന്റെ അളവ് വർദ്ധിക്കുകയും ചെയ്യും. ജ്ഞാനത്തിന്റെ ധാരണയും ഉണ്ടാകും. കുറച്ച് കുറവുണ്ടെങ്കിൽ ധാരണയും കുറയും. അവരുടെ അമ്പ് വേഗത്തിൽ തറയുകയില്ല.

ബാബയോട് യോഗം അർത്ഥം കണ്ടിട്ടും ഇത് മനസ്സിലാക്കണം ഈ നല്ല നല്ല കെട്ടിടങ്ങൾ പോലും മണ്ണിൽ ലയിക്കും എന്ന്. ഇത് നമ്മുടെ രാജധാനിയിൽ ഉണ്ടായിരുന്നില്ല. ഇപ്പോഴാണെങ്കിൽ നമ്മുടെ രാജധാനി സ്ഥാപിതമായികൊണ്ടിരിക്കുകയാണ്, അതിൽ ഇതൊന്നുമുണ്ടാവില്ല. പുതിയ ലോകമായിരിക്കും. ഈ പഴയ വൃക്ഷം മുതലായവ ഒന്നും ഉണ്ടാവില്ല. അവിടെ എല്ലാം ഒന്നാന്തരം വസ്തുക്കളായിരിക്കും, ഇത്രയും മൃഗങ്ങൾ മുതലായ എല്ലാം നശിച്ച് പോകും. അവിടെ രോഗങ്ങൾ മുതലായ ഒന്നും തന്നെ ഉണ്ടായിരിക്കില്ല ഇതെല്ലാം പിന്നീട് വരുന്നതാണ്. സത്യയുഗം അർത്ഥം തന്നെ സ്വർഗ്ഗം എന്നാണ്. ഇവിടെയാണെങ്കിൽ ഓരോ വസ്തുവും ദുഃഖം തരുന്നതാണ്. ഈ സമയം എല്ലാവരുടെയും ആസുരീയ മതമാണ്. ഗവൺമെന്റും ആഗ്രഹിക്കുന്നുണ്ട് ഇങ്ങനെയുള്ള വിദ്യാഭ്യാസം വേണം, ഏതിലാണോ കുട്ടികൾ ചഞ്ചലരാകാത്തത്. ഇപ്പോഴാണെങ്കിൽ വളരെയധികം ചഞ്ചലതയാണ്. പിക്കറ്റിംഗ് ചെയ്യുക (ധർണ നടത്തുക), നിരാഹാര സമരം മുതലായ എല്ലാം നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഇതെല്ലാം ആര് പഠിപ്പിച്ചു? സ്വയം പഠിപ്പിച്ചതാണെങ്കിൽ അവരവരുടെ മുന്നിലേക്ക് തന്നെ വരുന്നു. ബാബ പറയുന്നു, കുട്ടികളേ, ശാന്തിയിലിരിക്കൂ. കൈമണി മുഴക്കുക, ജപിക്കുക ഇതെല്ലാം ഭക്തിയുടെ അടയാളങ്ങളാണ്. നിങ്ങൾ സാധനകളെല്ലാം ജന്മ-ജന്മാന്തരം ചെയ്തു വന്നു. പക്ഷെ സദ്ഗതി ആർക്കും ഉണ്ടാകുന്നില്ല. നിങ്ങളുടെ പക്കൽ ചിത്രം, പുസ്തകം മുതലായവ ഒന്നുമില്ലെങ്കിലും നിങ്ങൾക്ക് ക്ഷേത്രങ്ങളിൽ പോയി മനസ്സിലാക്കി കൊടുക്കാൻ കഴിയണം ഈ ലക്ഷ്മീ നാരായണൻ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നല്ലോ. അവർക്ക് തീർച്ചയായും സ്വർഗ്ഗത്തിന്റെ രചയിതാവിൽ നിന്നും സമ്പത്ത് ലഭിച്ചതായിരിക്കും. സ്വർഗ്ഗത്തിന്റെ രചയിതാവ് പരംപിതാ പരമാത്മാവാണ്, ആരാണോ മനസ്സിലാക്കി തരുന്നത്. ക്ഷേത്രമുണ്ടാക്കുന്നവർക്ക് ഇതറിയുകയില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി അവർക്ക് പരംപിതാ പരമാത്മാവിൽ നിന്നാണ് സമ്പത്ത് ലഭിച്ചത്. തീർച്ചയായും കലിയുഗ ത്തിന്റെ അവസാനത്തിലായിരിക്കും ലഭിച്ചിട്ടുണ്ടാവുക. ഗീതയിൽ രാജയോഗത്തിന്റെ കാര്യമുണ്ട്. തീർച്ചയായും സംഗമത്തിൽ തന്നെയാവും പഠിപ്പിച്ചിട്ടുണ്ടാവുക, പരംപിതാ പരമാത്മാവിൽ നിന്നാവും പഠിച്ചിട്ടുണ്ടാവുക അല്ലാതെ രചനയായ ശ്രീകൃഷ്ണനിൽ നിന്നല്ല. രചയിതാവ് ഒരേയൊരു ബാബയാണ്, ആരെയാണോ ഹെവൻലി ഗോഡ് ഫാദർ എന്ന് പറയുന്നത്. ആരാണോ നല്ല വിശാല ബുദ്ധിയുള്ളവർ അവർ നല്ല രീതിയിൽ മനസ്സിലാക്കുകയും ധാരണയും ചെയ്യുന്നു. ചെറിയ ചെറിയ പെൺകുട്ടികൾ വലിയ ആളുകളോടിരുന്ന് സംസാരിക്കും, ചിത്രങ്ങളുടെ മേൽ മനസ്സിലാക്കി കൊടുക്കുന്നു, ഇവരെയെല്ലാം രചിച്ചതാരാണ്. സാധാരണ ചിത്രമാണെങ്കിലും, അല്ലെങ്കിലും. പെൺകുട്ടികൾ തത്തയെപോലെ മനസ്സിലാക്കി കൊടുക്കുന്നു. ചെറിയ പെൺകുട്ടികൾ സമർത്ഥരാണെങ്കിൽ പറയും ബലിയർപ്പണം ഈ ഒരു ബാബയുടെയാണ്, ആരാണോ ഇവരെ ഇത്രയും സമർത്ഥരാക്കിയത്. പെൺകുട്ടി പറയും എനിക്കറിയാം അതുകൊണ്ടാണ് ഞാൻ കേൾപ്പിക്കുന്നത്. പരിധിയില്ലാത്ത ബാബ ഇപ്പോൾ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഒരു ദേഹധാരിയേയും ഗുരുവാണെന്ന് മനസ്സിലാക്കരുത്. ഒരു സത്ഗുരു ഉയർത്തും ബാക്കി എല്ലാവരും താഴ്ത്തുന്നവരാണ്. കന്യകമാരിലൂടെ തന്നെയാണ് ബാണം അയച്ചത് - ഇത് കാണിച്ചിട്ടുണ്ടല്ലോ. എല്ലാവരും മനസ്സിലാക്കും, അങ്ങനെയുമല്ല ആരാണോ തന്റെ ധർമ്മത്തിലുള്ളവർ അവർ പെട്ടെന്ന് മനസ്സിലാക്കും. വാനപ്രസ്ഥികൾക്കും ആരാണോ ക്ഷേത്രമുണ്ടാക്കുന്നവർ അവർക്കും പോയി മനസ്സിലാക്കി കൊടുക്കണം, ഉയർത്തണം. ഞങ്ങൾ താങ്കൾക്ക് ശിവബാബയുടെ ജീവചരിത്രം പറഞ്ഞു തരാം. സെക്കന്റ് നമ്പറാണ് ബ്രഹ്മാ, വിഷ്ണു, ശങ്കർ. ഞങ്ങൾ താങ്കൾക്ക് ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും പറഞ്ഞു തരാം അതായത് മനുഷ്യർ എങ്ങനെയാണ് 84 ജന്മങ്ങളെടുക്കുന്നതെന്ന്. ഇത് 84 ന്റെ ചക്രമാണ്. ബ്രഹ്മാ, സരസ്വതി എല്ലാവരുടെയും കഥയിരുന്ന് പറഞ്ഞു തരാം. ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെയാർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. വരൂ എങ്കിൽ നിങ്ങൾക്ക് പറഞ്ഞു തരാം ലക്ഷ്മീ നാരായണൻ എങ്ങനെ രാജ്യം നേടി പിന്നെ എങ്ങനെ നഷ്ടപ്പെടുത്തി എന്ന്. ശരി - ഇതും മനസ്സിലാവുന്നില്ലായെങ്കിൽ കേവലം മൻമനാഭവയാകൂ. ഇങ്ങനെയിങ്ങനെ കുട്ടികൾക്ക് പോയി സേവനം ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) ഉള്ളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതിനെ പരിശോധിച്ച് പുറത്ത് കളയണം. ബാബയോട് എന്ത്

പ്രതിജ്ഞയാണോ ചെയ്തത് അതിൽ ഇളകാതിരിക്കണം.

2) ഭോജനം വളരെ ശുദ്ധിയോടെ ദൃഷ്ടി നൽകി സ്വീകരിക്കണം. അച്ഛൻ അല്ലെങ്കിൽ പ്രിയതമന്റെ ഓർമ്മയിൽ സന്തോഷത്തോടു കൂടി ഭക്ഷണം കഴിക്കണം.

## വരദാനം:- സർവ്വ ഖജനാവുകളുടെയും അധികാരിയായി സ്വയത്തെ സമ്പന്നമായ അനുഭവം ചെയ്യുന്ന മാസ്റ്റർ ദാതാവായി ഭവിക്കൂ

പറയാറുണ്ട് - ഒന്നോ രണ്ടോ ആയിരം നേടൂ, വിനാശീ ഖജനാവ് നൽകുന്നതിലൂടെ കുറയുന്നു, അവിനാശീ ഖജനാവ് നൽകുന്നതിലൂടെ വർദ്ധിക്കുന്നു. എന്നാൽ നൽകാൻ അവർക്കാണ് സാധിക്കുന്നത് ആരാണോ സ്വയം സമ്പന്നമായിട്ടുള്ളത്. മാസ്റ്റർ ദാതാവ് അർത്ഥം സ്വയം നിറഞ്ഞത് അഥവാ സമ്പന്നമായി കഴിയുന്നവർ. അവർക്ക് ലഹരി ഉണ്ടായിരിക്കും ബാബയുടെ ഖജനാവ് എന്റെ ഖജനാവാണ്. ആരുടെ ഓർമ്മയാണോ സത്യമായിട്ടുള്ളത് അവർക്ക് സർവ്വ പ്രാപ്തികളും സ്വതവേ ഉണ്ടാകുന്നു, ചോദിക്കേണ്ട അല്ലെങ്കിൽ പരാതിപ്പെടേണ്ട ആവശ്യമില്ല.

## സ്ലോഗൻ:- തന്റെ സ്ഥിതി അചഞ്ചലവും ഇളകാത്തതുമാക്കൂ അപ്പോൾ അന്തിമ വിനാശത്തിന്റെ ദൃശ്യം കാണാൻ കരുത്തുണ്ടാകും.